# ഗ്രാമ ന്യായാലയ, അമ്പലപ്പുഴ

**ഹാജർ :- ശ്രീ. സുശാന്ത് കൃഷ്ണൻ. ജി, ന്യായാധികാരി**

**2026 -മാണ്ട് മാർച്ച് മാസം 23 -ാം തീയതി**

# ST. No. 923/2017

| | | |
|---|---|---|
| പരാതിക്കാരൻ | : | കേരള സംസ്ഥാനത്തെ പ്രതിനിധീകരിച്ച്<br>പോലീസ് സബ്ബ് ഇൻസ്പെക്ടർ,<br>അമ്പലപ്പുഴ പോലീസ് സ്റ്റേഷൻ ക്രൈംനമ്പർ 1813/2016<br>(പ്രതിനിധീകരിക്കുന്നത് ശ്രീമതി ഫരീദ ടി.കെ,<br>A.P.P. സീനിയർ ഗ്രേഡ്) |
| കുറ്റാരോപിതൻ | : | റിനോജ് , 40 വയസ്സ് , S/o. സിറാജ്,<br>പള്ളിക്കാവ് , കാക്കാഴം,<br>അമ്പലപ്പുഴ തെക്ക് പഞ്ചായത്ത്<br>വാർഡ് - I , ആലപ്പുഴ<br>(പ്രതിനിധീകരിക്കുന്നത് അഡ്വ. കെ ശ്രീകുമാർ) |
| കുറ്റം | : | ഇന്ത്യൻ ശിക്ഷാ നിയമം 323, 294(b), 506(1) വകുപ്പുകൾ |
| പ്രതി വാദം | : | കുറ്റം ചെയ്തിട്ടില്ല |
| കണ്ടെത്തൽ | : | കുറ്റം ചെയ്തിട്ടില്ല |
| വിധി | : | ക്രിമിനൽ നടപടി ചട്ടം 255(1) വകുപ്പ് പ്രകാരം<br>പ്രതിയെ കുറ്റവിമുക്തനാക്കിയിരിക്കുന്നു |

## പ്രതിയുടെ വിവരണം

| നം. | പേര് | അച്ഛന്റെ പേര് | തൊഴിൽ | വിലാസം | വയസ്സ് |
|---|---|---|---|---|---|
| 1. | റിനോജ് | സിറാജ് | .... | പള്ളിക്കാവ് , കാക്കാഴം, അമ്പലപ്പുഴ തെക്ക് പഞ്ചായത്ത് വാർഡ് - I , ആലപ്പുഴ | 40 |

## തീയതികൾ

| സംഭവം നടന്നത് | പരാതി കൊടുത്തത് | ഫൈനൽ റിപ്പോർട്ട് ഫയൽ ചെയ്തത് | പ്രതി ഹാജരായത് / അറസ്റ്റ് ചെയ്തത് | ജാമ്യം നൽകിയത് | വിചാരണ തുടങ്ങിയത് | വിചാരണ അവസാ–നിച്ചത് | വിധി |
|---|---|---|---|---|---|---|---|
| 04.12.2016 | 09.12.2016 | 14.11.2017 | 14.10.2025 | 14.10.2025 | 01.12.2025 | 16.03.2026 | 23.03.2026 |

ഈ കേസ് 16.03.2026 തീയതി കോടതി മുമ്പാകെ വാദങ്ങൾക്കായി വന്നതിൽ 23.03.2026 തീയതി ഈ കോടതി പ്രസ്താവിക്കുന്ന

# വിധി ന്യായം

1. ഈ കേസ് അമ്പലപ്പുഴ പോലീസ് ഇന്ത്യൻ ശിക്ഷാ നിയമം 323, 294(b), 506(1) എന്നീ വകുപ്പുകൾ പ്രകാരമുള്ള കുറ്റങ്ങൾ ചേർത്ത് ക്രൈംനമ്പർ 1813/2016 ആയി അന്വേഷണം നടത്തി സമർപ്പിച്ച അന്തിമ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉത്ഭവിച്ചതാണ്.

2. പ്രോസിക്യൂഷൻ ആരോപണങ്ങൾ ചുരുക്കത്തിൽ താഴെ പറയും വിധമാണ്:

   പ്രതിയോട് ചോദിക്കാതെ ആവലാതിക്കാരിയുടെ സ്വന്തം വീട്ടിൽ പോയതിലുള്ള വിരോധം നിമിത്തം ആവലാതിക്കാരിയുടെ കുടുംബവീട്ടിൽ വെച്ച് 04.12.2016 തീയതി വൈകിട്ട് 4 മണിക്ക് ആവലാതിക്കാരിയുടെ തലയുടെ പുറകിൽ ഒന്നടിച്ച് വേദനിപ്പിച്ചും അസഭ്യം പറഞ്ഞുകൊണ്ട് കൊന്നുകളയുമെന്ന് ഭീഷണിപ്പെടുത്തിയും പ്രതി മേൽ വകുപ്പുകൾ പ്രകാരമുള്ള കുറ്റം ചെയ്തു എന്നതാണ് കുറ്റച്ചുരുക്കം.

3. ക്രിമിനൽ നടപടി ചട്ടം 173 വകുപ്പ് പ്രകാരമുള്ള ഈ വ്യവഹാരത്തിലെ കുറ്റപത്രം പരിശോധിച്ച് പരിഗണനയ്ക്ക് എടുക്കാൻ തക്കമുള്ള കാരണങ്ങൾ ടി കുറ്റപത്രത്തിൽ ഉണ്ടെന്ന് കണ്ടു മേൽ അക്കമിട്ട പ്രതിയ്ക്ക് കോടതിയിൽ ഹാജരാകാനുള്ള കല്പന അയച്ചു.

4. പ്രതി ജാമ്യക്കാർ സഹിതം കോടതിയിൽ ഹാജരാകുകയും ജാമ്യത്തിന് അർഹനായതിനാൽ പ്രതിയെ ജാമ്യത്തിൽ വിടുകയും ചെയ്തു.

5. കുറ്റപത്രത്തിന്റെയും അനുബന്ധ രേഖകളുടെയും പകർപ്പുകൾ പ്രതിയ്ക്ക് നൽകി. പ്രതിഭാഗം അഭിഭാഷകൻ അവ പൂർണ്ണവും സ്പഷ്ടവും ആണെന്ന് സമ്മതിച്ച സമർപ്പിച്ചതിനാൽ ക്രിമിനൽ നടപടി ചട്ടം 207 വകുപ്പ് പ്രകാരമുള്ള നടപടി ക്രമങ്ങൾ പൂർത്തിയാക്കി.

6. പ്രതിയെ ഇന്ത്യൻ ശിക്ഷാ നിയമം 323, 294(b), 506(1) എന്നീ വകുപ്പുകൾ പ്രകാരമുള്ള കുറ്റച്ചുമത്തം വായിച്ച കേൾപ്പിച്ചു. പ്രതി കുറ്റം നിഷേധിച്ചു. വിചാരണ വേണം എന്ന് ആവശ്യപ്പെട്ടു.

7. വിചാരണ ഭാഗം തെളിവിലേക്കായി PW1 മുതൽ PW3 വരെ സാക്ഷികളെ വിസ്തരിക്കുകയും ജാപ്ത P1 രേഖ അക്കമിടുകയും ചെയ്തു. ആയത് തെളിവിൽ സ്വീകരിച്ചു. മറ്റ സാക്ഷികളെ കോടതി മുമ്പാകെ വിസ്തരിക്കുന്നില്ല എന്ന് അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ സാക്ഷി പട്ടികയിൽ സാക്ഷ്യപ്പെടുത്തി കോടതി മുമ്പാകെ സമർപ്പിച്ചു.

8. ആവലാതിക്കാരിക്ക് എതിരെ പ്രതി വിചാരണ ഭാഗം ആരോപിക്കുന്നത് പോലെയുള്ള കുറ്റം ചെയ്തിട്ടില്ല എന്നതിനാലും, ദൃക്സാക്ഷികളും ആരോപിക്കപ്പെട്ടത് പോലെ പ്രതി കുറ്റം ചെയ്യുന്നത് കണ്ടിട്ടില്ല എന്നതിനാലും പ്രതിയ്ക്ക് എതിരെയുള്ള കുറ്റകരമായ തെളിവുകൾ ഒന്നും പ്രോസിക്യൂഷൻ വിസ്താരത്തിൽ കണ്ടെത്താൻ കഴിയാത്ത യാതൊരു സാഹചര്യങ്ങളും വെളിവാകാത്തതിനാൽ ക്രിമിനൽ നടപടി ചട്ടം 313(1)(b) വകുപ്പ് പ്രകാരമുള്ള ചോദ്യം ചെയ്യൽ ഒഴിവാക്കി.

9. പ്രതിഭാഗത്ത് നിന്ന് തെളിവുകൾ ബോധിപ്പിക്കുന്നതിന് അവസരം നൽകിയെങ്കിലും യാതൊരു വിധ തെളിവുകളും ഹാജരാക്കുകയുണ്ടായില്ല.

10. ഇരുഭാഗവും വിശദമായി വാദം കേൾക്കുകയും ഹാജരാക്കിയ തെളിവ് രേഖകൾ വിശദമായി പരിഗണിക്കുകയും ചെയ്തു.

11. താഴെ പറയുന്ന ചോദ്യങ്ങൾ കോടതിയുടെ പരിഗണനയ്ക്കായി വന്നു.

I). പ്രതിയോട് ചോദിക്കാതെ ആവലാതിക്കാരിയുടെ സ്വന്തം വീട്ടിൽ പോയതിലുള്ള വിരോധം നിമിത്തം ആവലാതിക്കാരിയുടെ കുടുംബവീട്ടിൽ വെച്ച് 04.12.2016 തീയതി വൈകിട്ട് 4 മണിക്ക് ആവലാതിക്കാരിയുടെ തലയുടെ പുറകിൽ ഒന്നടിച്ച് വേദനിപ്പിച്ചും അസഭ്യം പറഞ്ഞുകൊണ്ട് കൊന്നുകളയുമെന്ന് ഭീഷണിപ്പെടുത്തിയും പ്രതി ഇന്ത്യൻ ശിക്ഷാ നിയമം 323, 294(b), 506(1) എന്നീ വകുപ്പുകൾ പ്രകാരം ശിക്ഷാർഹമായ കുറ്റം ചെയ്തിട്ടുണ്ടോ ?

II). കേസിലെ തീരുമാനം എന്താണ് ?

**<u>പരിഗണന വിഷയം :- I</u>**

12. ഈ കേസിൽ ആവലാതിക്കാരിയായ സുനിതയെ PW1 ആയും, സംഭവ സാക്ഷികളായ 2, 3 സാക്ഷികളെ യഥാക്രമം PW2, PW3 എന്നിങ്ങനെയും കോടതി മുമ്പാകെ വിസ്തരിച്ചിട്ടുള്ളതാണ്. 4 മുതൽ 6 വരെയുള്ള സാക്ഷികളെ വിസ്തരിക്കുന്നില്ല എന്ന് അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ സാക്ഷി പട്ടികയിൽ സാക്ഷ്യപ്പെടുത്തി കോടതി മുമ്പാകെ സമർപ്പിച്ചു.

13. ഈ കേസിന് ആസ്പദമായ സംഭവത്തിൽ തനിക്ക് പരിക്ക് പറ്റിയിട്ടില്ല എന്നും സംഭവവുമായി ബന്ധപ്പെട്ട് താൻ അമ്പലപ്പുഴ പോലീസിൽ കൊടുത്ത പ്രഥമ വിവര മൊഴിയാണ് Ext.P1 എന്നും തന്നെ പ്രതിയായ ഭർത്താവ് ഉപദ്രവിച്ചതായി മൊഴി നൽകിയിട്ടില്ല എന്നും കേസ് കാര്യങ്ങൾ തമ്മിൽ പറഞ്ഞു തീർത്തു എന്നും ആവലാതിക്കാരിയായ PW1 കോടതി മുമ്പാകെ മൊഴി നൽകിയിരിക്കുന്നു.

14. ഈ കേസിലെ ഒന്നാം സാക്ഷി സുനിത തന്റെ മകളാണെന്നും കേസിലെ പ്രതിയായ റിനോജ് തന്റെ മകളുടെ ഭർത്താവ് ആണെന്നും ഈ കേസിന് ആസ്പദമായ സംഭവം കണ്ടിട്ടില്ല എന്നും കേസിലെ കാര്യങ്ങൾ തമ്മിൽ പറഞ്ഞു തീർത്തു എന്നും PW2 കോടതി മുമ്പാകെ മുഖ്യവിസ്താര വേളയിൽ മൊഴി നൽകിയിരിക്കുന്നു.

15. ഈ കേസിലെ ഒന്നാം സാക്ഷി സുനിതയെ തനിക്ക് അറിയാമെന്നും സുനിതക്ക് പരിക്ക് പറ്റാൻ ഇടയായ സംഭവം അറിയില്ല എന്നും കേസിന് ആസ്പദമായ സംഭവത്തിൽ അമ്പലപ്പുഴ പോലീസിന് പരാതി കൊടുത്തിട്ടില്ല എന്നും ഒന്നാം സാക്ഷി സുനിതയെ സുനിതയുടെ ഭർത്താവ് അസഭ്യം പറയുകയും ഭീഷണിപ്പെടുത്തുകയും ആക്രമിക്കുകയും ചെയ്ത സംഭവം താൻ കണ്ടിട്ടില്ല എന്നും കണ്ടതായി അമ്പലപ്പുഴ പോലീസിന് മൊഴി കൊടുത്തിട്ടില്ല എന്നും PW3 കോടതി മുമ്പാകെ മുഖ്യവിസ്താര വേളയിൽ മൊഴി നൽകിയിരിക്കുന്നു.

16. കേസിലെ ആവലാതിക്കാരിയായ ഒന്നാം സാക്ഷി കേസിന് ആസ്പദമായ സംഭവത്തിൽ തനിക്ക് പരിക്ക് പറ്റിയിട്ടില്ല എന്ന് വ്യക്തമായി മൊഴി നൽകിയിട്ടുണ്ട്. കൂടാതെ പ്രതി തന്റെ ഭർത്താവ് ആണെന്നും കേസ് കാര്യങ്ങൾ തമ്മിൽ പറഞ്ഞു തീർത്തു എന്നും PW1 കോടതി മുമ്പാകെ മൊഴി നൽകി. ദൃക്സാക്ഷികളായ 2, 3 സാക്ഷികൾ ആവലാതിക്കാരിക്ക് (PW1) പരിക്ക് പറ്റാൻ

ഇടയായ സംഭവം അറിയില്ല എന്നും കേസിന് ആസ്പദമായ സംഭവത്തിൽ അമ്പലപ്പുഴ പോലീസിന് പരാതി കൊടുത്തിട്ടില്ല എന്നും ആവലാതിക്കാരിയെ ടിയാളുടെ ഭർത്താവ് അസഭ്യം പറയുകയും ഭീഷണിപ്പെടുത്തുകയും ആക്രമിക്കുകയും ചെയ്ത സംഭവം കണ്ടിട്ടില്ല എന്നും സംഭവം കണ്ടതായി അമ്പലപ്പുഴ പോലീസിന് മൊഴി കൊടുത്തിട്ടില്ല എന്നും PW2, PW3 എന്നിവർ കോടതി മുമ്പാകെ വ്യക്തമായി മൊഴി നൽകിയിരിക്കുന്നു.

17. ഈ കേസിലെ സംഭവ സാക്ഷികളായി സാക്ഷി പട്ടികയിൽ കാണിച്ചവരാണ് PW2, PW3 സാക്ഷികൾ. എന്നാൽ സാക്ഷികളിൽ ആരും തന്നെ കേസിന് ആസ്പദമായ കൃത്യം ചെയ്തത് ആരാണെന്ന് തിരിച്ചറിഞ്ഞിട്ടില്ല. സംഭവത്തിൽ പരിക്ക് പറ്റിയ ആവലാതിക്കാരി (PW1) പോലും കേസിൽ വിചാരണ നേരിടുന്ന പ്രതിയായ ഭർത്താവാണ് കൃത്യം ചെയ്തത് എന്ന് മൊഴി പറഞ്ഞിട്ടില്ല. ആയതിനാൽ വിചാരണ ഭാഗം സാക്ഷികളുടെ മൊഴികളും രേഖയും പ്രതിയ്ക്ക് എതിരെയുള്ള അപരാധം തെളിയിക്കുന്നതിന് അപര്യാപ്തമാണ്. ആയതിനാൽ പ്രതിയുടെ അപരാധം തെളിയിക്കുന്നതിൽ പ്രോസിക്യൂഷൻ പരാജയപ്പെട്ടു എന്നും പ്രതി നിരപരാധി ആണെന്നും ഫലത്തിൽ കാണാവുന്നതാണ്. ആയതിനാൽ ഈ പരിഗണന വിഷയം വിചാരണ ഭാഗത്തിന് എതിരായി ഈ കോടതി കണ്ടെത്തിയിരിക്കുന്നു.

**പരിഗണന വിഷയം II :-**

18. മേൽ പറഞ്ഞ പരിഗണന വിഷയത്തിന്റെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ പ്രതി ഇന്ത്യൻ ശിക്ഷാ നിയമം 323, 294(b), 506(1) എന്നീ വകുപ്പുകൾ പ്രകാരമുള്ള കുറ്റം ചെയ്തിട്ടില്ല എന്ന് കണ്ടെത്തി പ്രതിയെ ക്രിമിനൽ നടപടി ചട്ടം 255(1) വകുപ്പ് പ്രകാരം കുറ്റവിമുക്തനാക്കിയിരിക്കുന്നു. പ്രതിയുടെ ജാമ്യ കച്ചീട്ട് ഇതിനാൽ റദ്ദ് ചെയ്തിരിക്കുന്നു. പ്രതിയെ നിരുപാധികം സ്വതന്ത്രൻ ആയി വിട്ടയക്കുന്നു.

ഈ വിധിക്ക് എതിരായി ആക്ഷേപം ഉണ്ടെങ്കിൽ 30 ദിവസത്തിനകം ബഹുമാനപ്പെട്ട ആലപ്പുഴ ജില്ലാ & സെഷൻസ് കോടതിയിൽ അപ്പീൽ സമർപ്പിക്കാവുന്നതാണ്.

*(ഇപ്രകാരം ഞാൻ പറഞ്ഞു കൊടുത്തു കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ടൈപ്പ് ചെയ്തു. ഞാൻ വായിച്ചു നോക്കി, തെറ്റ് തിരുത്തി തുറന്ന കോടതിയിൽ 2026 മാർച്ച് മാസം 23 ന് വിധി പറഞ്ഞിട്ടുള്ളതാണ്)*

*(sd/-)*

**സുശാന്ത് കൃഷ്ണൻ. ജി**
**ന്യായാധികാരി,**
**ഗ്രാമ ന്യായാലയ, അമ്പലപ്പുഴ**

**<u>അനുബന്ധം</u>**

A. പ്രോസിക്യൂഷൻ ഭാഗം സാക്ഷികൾ

| | |
|---|---|
| PW1 | സുനിത |
| PW2 | ഉണ്ണികൃഷ്ണൻ |
| PW3 | നൗഷാദ് |

B.കുറ്റാരോപിതൻ ഭാഗം സാക്ഷികൾ – ഇല്ല

C.കോടതി ഭാഗം സാക്ഷികൾ – ഇല്ല

D.പ്രോസിക്യൂഷൻ ഭാഗം തെളിവുകൾ

| | |
|---|---|
| Ext.P1 (PW1) | പ്രഥമ വിവര റിപ്പോർട്ട് |

E. കുറ്റാരോപിതൻ ഭാഗം തെളിവുകൾ – ഇല്ല

F. കോടതി ഭാഗം തെളിവുകൾ – ഇല്ല

G. അടയാളപ്പെടുത്തിയ വസ്തുക്കൾ – ഇല്ല

*( Id/-)*

**സുശാന്ത് കൃഷ്ണൻ. ജി**
**ന്യായാധികാരി,**
**ഗ്രാമ ന്യായാലയ, അമ്പലപ്പുഴ**